(ഇ) താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ പണി പ്രാരംഭ ഘട്ടത്തിലാണ്.

1. എൻ.സി./പി.സി. കോട്ടായി പദ്ധതി.
2. എൻ.സി./പി.സി. മാത്തൂർ പദ്ധതി.
3. എൻ.സി./പി.സി. കുഴൽമന്ദം പദ്ധതി.
4. കിണാശ്ശേരി നടുക്കടവ് പദ്ധതി. (എം.പി. ഫണ്ട്).
5. കോട്ടായി- കുത്തലക്കാട് പദ്ധതി.
6. കുഴൽമന്ദം സമഗ്ര പദ്ധതി.
7. ഇരട്ടോട് (തേങ്കുറിശ്ശി) പദ്ധതി.
8. തേങ്കുറിശ്ശി ഇൻടേക്ക് പദ്ധതി.
9. ആനകുട്ടിപ്പാറ പദ്ധതി.
10. പന്നിക്കോട് പദ്ധതി.
11. കമ്മിന്തറ പറക്കോട് പദ്ധതി.
12. കുഴൽമന്ദം സമഗ്ര പദ്ധതി 2-ാം ഘട്ടം

മേൽപ്പറഞ്ഞവയ്ക്കു പുറമേ ജലനിധി പദ്ധതിയുടെ നാലും അഞ്ചും ഘട്ടങ്ങളിലായി 390 ചെറുകിട പദ്ധതികൾ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(എഫ്) പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി താന്നൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിച്ചുവരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്. ജലനിധി പദ്ധതിയുടെ രണ്ടും മൂന്നും ഘട്ടങ്ങളിലായി 429 പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്. ഇവ യഥാക്രമം 2004 ആഗസ്റ്റ് മാസത്തിനും ഡിസംബർ മാസത്തിനും മുമ്പ് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൊടുങ്ങല്ലൂർ മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതി

45 [2761] ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ മേത്തല, എറിയാണ്, എടവിലങ്ങ് പഞ്ചായത്തുകളിൽ ശുദ്ധജല വിതരണത്തിന് എന്തെങ്കിലും സമഗ്ര പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ നിലവിലുള്ള തടസ്സങ്ങൾ വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ നിലവിലുള്ള നിർമ്മാണ പുരോഗതി വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടി എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(എഫ്) പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 993 ലക്ഷം രൂപ ഭരണാനുമതിയോടെ മേത്തല സെൻസസ് ടൗണിനു വേണ്ടിയുള്ള പദ്ധതി, 571 ലക്ഷം രൂപ ഭരണാനുമതിയുള്ള എറിയാട് ശുദ്ധജലവിതരണ പദ്ധതി, 580 ലക്ഷം രൂപയുടെ എ.ആർ.ഡബ്ല്യു.എസ്.എസ്.ടു. അഴിക്കോട് ആന്റ് ഇടവിലങ്ങ് എന്നീ പദ്ധതികളാണ് കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ശുദ്ധജല വിതരണത്തിനായി നടപ്പിലാക്കുന്നത്. ഇവ 2006 ഡിസംബർ മാസത്തോടെ കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(സി) മേത്തല ശുദ്ധീകരണ പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. അഷ്ടമിച്ചിറയിൽ നിർമ്മിക്കേണ്ട ഇന്റർമീഡിയേറ്റ് ഉപരിതല ടാങ്കിന്റെ സ്ഥലം ഇതുവരെ ലഭ്യമായിട്ടില്ല.

(ഡി) പദ്ധതിയുടെ കിണറിന്റെയും പമ്പ്ഹൗസിന്റെയും പണി പുരോഗമിച്ചു വരുന്നു. അഷ്ടമിച്ചിറയിൽ ടാങ്കിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് ഘടകങ്ങളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലങ്ങൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് കേരള വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്. എറിയാടിനു വേണ്ടിയുള്ള ടാങ്കിന്റെയും പമ്പിന്റെയും എസ്റ്റിമേറ്റ് പരിശോധനാഘട്ടത്തിലാണ്.

(ഇ) സ്രോതസ്സിന്റെ പണികൾ ടെണ്ടർ ചെയ്ത് നടപ്പിലാക്കി വരുന്നു. ശുദ്ധീകരണശാലയുടെ പണിക്കുള്ള ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. എടവിലങ്ങ് ഉന്നത തല ടാങ്കിന്റെ പണി റീ ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അഴിക്കോട് ടാങ്കിന്റെ ടെണ്ടറിന് അനുമതി നൽകി വർക്ക് ഓർഡർ കൊടുത്തിട്ടുണ്ട്.

(എഫ്) 2006 ഡിസംബറിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

മേജർ ഇറിഗേഷന്റെ കീഴിലെ വികസന പ്രവർത്തനങ്ങൾ

46 [2762] ശ്രീ. കെ. സി. വേണുഗോപാൽ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം മേജർ ഇറിഗേഷന്റെ കീഴിൽ ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly